## പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2321 14.06.2019-ൽ മറുപടിയ്ക്ക്

## ലോട്ടറി തൊഴിലാളി ക്ഷേമനിധി ബോർഡ് പ്രവർത്തനങ്ങൾ

| ചോദ്യം<br>ശ്രീ.ഒ. ആർ. കേളു | | മറുപടി<br>ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പമന്ത്രി) | |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കേരള ലോട്ടറി തൊഴിലാളി ക്ഷേമനിധി ബോർഡ് ലോട്ടറി തൊഴിലാളി കൾക്കായി നടപ്പിലാക്കിയ ക്ഷേമപ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന തിനുശേഷം ലോട്ടറി തൊഴിലാളികൾക്ക് 2016-17 ൽ 21 കോടി രൂപയുടെ ആനുകൂല്യങ്ങൾ അനുവദിക്കുകയുണ്ടായി. ആയതിൽ 16.32 കോടി രൂപ 2016-ലെ ഓണം അലവൻസ് ഇനത്തിൽ അംഗങ്ങൾക്കും, പെൻഷൻകാർക്കും വിതരണം ചെയ്തു. 2017-18 ൽ 26.11 കോടി രൂപയുടെ ആനുകൂല്യങ്ങൾ അനുവദിക്കുകയുണ്ടായി. 2016-ൽ അനുവദിച്ച ഓണം അലവൻസ് തുകയിൽ 500/- രൂപയുടെ വർദ്ധനവ് വരുത്തി 21.03 കോടി രൂപയാണ് 2017-ലെ ഓണം അലവൻസ് ഇനത്തിൽ വിതരണം ചെയ്തത്. 2018-19 ൽ 32.42 കോടി രൂപയുടെ ആനുകൂല്യങ്ങൾ അനുവദിക്കുകയുണ്ടായി. 2017 ൽ അനുവദിച്ച ഓണം അലവൻസ് തുകയിൽ 500/- രൂപയുടെ വർദ്ധനവ് വരുത്തി 25.55 കോടി രൂപയാണ് 2018-ലെ ഓണം അലവൻസ് ഇനത്തിൽ വിതരണം ചെയ്തത്. ക്ഷേമനിധി അംഗങ്ങളായ ഭാഗ്യക്കുറി വില്പനക്കാർക്ക് സൗജന്യമായി യൂണിഫോം നൽകുന്ന പദ്ധതി പ്രകാരം 2,10,00,000/- രൂപ ചെലവഴിച്ച് 70,000 യൂണിഫോമുകൾ കുടുംബശ്രീ മുഖേന തയ്യാറാക്കി വിതരണം ചെയ്തു. അംഗ- |

| | | | |
|---|---|---|---|
| | | | പരിമിതരായ 178 ക്ഷേമനിധി അംഗങ്ങൾക്ക് 70,500/- രൂപ വിലയുള്ള മോട്ടോറൈസ്ഡ് ട്രൈസ്കൂട്ടറിൽ ടിക്കറ്റ് ഡിസ് പ്ലേ റാക്ക്, ബീച്ച് അംബ്രല്ല എന്നിവ സഹിതം തയ്യാറാക്കി സൗജന്യമായി വിതരണം ചെയ്തു. സംസ്ഥാന ഭാഗ്യക്കുറി ക്ഷേമനിധി ബോർഡിൽ പെൻഷൻകാർക്ക് അനുവദിച്ച് വന്നിരുന്ന 500/- രൂപ പെൻഷൻ, ക്ഷേമനിധി പെൻഷനുകൾ എകീകരിച്ചതുവഴി 1100/- രൂപയാക്കി വർദ്ധിപ്പിച്ചുനൽകിയത് ഈ സർക്കാർ നിലവിൽ വന്നതിനുശേഷമാണ്. പ്രസ്തുത പെൻഷൻ തുക 2019 ഏപ്രിൽ മുതൽ 1200/- രൂപയാക്കി ഉയർത്തിയിട്ടുണ്ട് വഴിയോര ഭാഗ്യക്കുറി വില്പനക്കാരായ ക്ഷേമനിധി അംഗങ്ങൾക്ക് സൗജന്യമായി ബീച്ച് അംബ്രല്ല നൽകുന്ന പദ്ധതി പ്രകാരം കുടുംബശ്രീ മുഖേന 2000 ബീച്ച് അംബ്രല്ലകൾ തയ്യാറാക്കി വിതരണം ചെയ്തു. ക്ഷേമനിധി അംഗങ്ങളുടെ സാമൂഹിക ഉന്നമനത്തിനായി പത്താംതരം വിജയിച്ചിട്ടില്ലാത്ത ക്ഷേമനിധി അംഗങ്ങൾക്ക് കേരള സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റിയുമായി സംയോജിച്ച് പത്താം തരം തുല്യതാ പഠനം സൗജന്യമായി പൂർത്തിയാക്കുന്നതിനുള്ള അവസരം നൽകുന്ന പദ്ധതിയും നടപ്പിലാക്കി. 2018 വർഷത്തെ വിദ്യാഭ്യാസ അവാർഡ്, ഒറ്റത്തവണ സ്കോളർഷിപ്പ് എന്നിവയ്ക്കായി അപേക്ഷ ക്ഷണിക്കുകയും 165 അപേക്ഷകർക്ക് വിദ്യാഭ്യാസ അവാർഡിനത്തിൽ 4,55,000/- രൂപയും, 275 അപേക്ഷകർക്ക് ഒറ്റത്തവണ സ്കോളർഷിപ്പിനത്തിൽ 23,47,000/- രൂപയും അനുവദിച്ചു.<br>സംസ്ഥാന ഭാഗ്യക്കുറി ക്ഷേമനിധിയിലെ അംഗങ്ങളായവരും പ്രളയബാധിതമായി, |

| | | | |
|---|---|---|---|
| . | | | സർക്കാർ പ്രഖ്യാപിച്ച വില്ലേജുകളിൽ ദുരിതത്തിൽപ്പെട്ടവരുമായ ഏജന്റുമാർക്കും വില്പനക്കാർക്കും ടിക്കറ്റുകൾ നഷ്ടപ്പെടുകയോ/കേടുപാടുകൾ സംഭവിക്കുകയോ, വില്ക്കാൻ സാധിക്കാതെ വരികയോ ചെയ്യുതുമൂലം സാമ്പത്തിക നഷ്ടം സംഭവിച്ചവർക്ക് ആശ്വാസധനസഹായം നൽകി. |
| (ബി) | കേരള ലോട്ടറി തൊഴിലാളി ക്ഷേമ നിധി ബോർഡ് മുഖേന വയനാട് ജില്ലയിലെ ലോട്ടറി തൊഴിലാളികൾക്ക് ഇരുചക്ര വാഹനങ്ങൾ വിതരണം ചെയ്യാനുള്ള പദ്ധതി യുണ്ടോയെന്ന് അറിയിക്കാമോ? | (ബി) | അംഗപരിമിതരായ ക്ഷേമനിധി അംഗങ്ങൾക്ക് സൗജന്യമായി മോട്ടോറൈസ്ഡ് ട്രൈസ്കൂട്ടറുകൾ നൽകുന്ന പദ്ധതി നിലവിലുണ്ട്. എന്നാൽ ക്ഷേമനിധി അംഗങ്ങൾക്ക് ഇരുചക്രവാഹനം നൽകുന്ന പദ്ധതി നിലവിലില്ല. |

സെക്ഷൻ ഓഫീസർ